

# നീർദിന്റെ പുസ്തകങ്ങൾ

ആനി വള്ളിക്കാപ്പൻ

ചില്ല് സത്രം എന്ന് പേരിട്ട പുസ്തകശേഖരത്തിൽ കഴിയുന്ന പുസ്തകങ്ങൾ തങ്ങളുടെ ഉടമയുടെ മരണശേഷം സമ്പന്നമായ ഭൂതകാല ഓർമകളുടെ ശോഷിച്ച അവശേഷിപ്പ് മാത്രമാകുകയാണ്. ചില്ലലമാരിയിലെ പുസ്തകങ്ങളിലെ കഥാപാത്രങ്ങളുടെ സംഭാഷണത്തിലൂടെ നോവൽ പുരോഗമിക്കുന്നു. ദാവീദ്, മല്ലീനാഥൻ, ലോല, ബഷീറിന്റെ സുറുമയിട്ട സുഹ്റ, ഉറൂബിന്റെ സുന്ദരന്മാരും സുന്ദരികളുമെല്ലാം കഥാപാത്രങ്ങളായിറങ്ങി വരികയും ആസന്നമായ തങ്ങളുടെ മരണം ഓർത്ത് വേദനിക്കുകയും ചെയ്യുന്നു. ചെല്ലമണി എന്ന പെൺകുട്ടി ഇവരുടെ മോചനത്തിനു നിദാനമാകുന്നതിലൂടെ അക്ഷരങ്ങളുടെ അനശ്വരത എഴുത്തുകാരി ഭംഗിയായി പറഞ്ഞുവെക്കുന്നു. എഴുത്തിന്റെ പുതിയൊരു കാലിഡോസ്കോപ്പാണ് 'കാവൽക്കാരി' എന്ന ആദ്യ നോവലിലൂടെ മലയാളത്തിൽ ശ്രദ്ധ നേടിയ ആനിയുടെ രണ്ടാമത്തെ ഈ നോവൽ.

ISBN 978-93-88429-65-0 ₹ 130.00

കറന്റ് ബുക്സ് തൃശൂർ www.currentbooksonline.in

# നീർദിന്റെ പുസ്തകങ്ങൾ

ആനി വള്ളിക്കാപ്പൻ



2545

2545
LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2545 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

Malayalam
**Neerdinte Pusthakangal**
Novel by
**Annie Vallikappen**
1st Impression: April 2019
Cover Design : Jaison Vadakkan
Type Set: Current Books Thrissur
© Reserved
Printed at
Carmel Offset Printers Thrissur
Publishers
**Current Books Thrissur**-680 001 Keralam
e-mail: currentbooksthrissur@gmail.com
www.currentbooksonline.in
Distribution
**CosmoBooks**
Thrissur, Kochi, Kozhikode, Kottayam
e-mail: cosmobooks@asianetindia.com
**ISBN 978-93-86429-65-0**

All rights reserved. This work may not be translated or copied in whole or in part without the written permission of the publisher, except for brief excerpts in connection with reviews or scholarly analysis.

2364 CBT 2019-25-1000

# നീർദിന്റെ പുസ്തകങ്ങൾ

ആനി വള്ളിക്കാപ്പൻ

കറന്റ് ബുക്സ് തൃശൂർ

## ആനി വള്ളിക്കാപ്പൻ

സൈമൺ വള്ളിക്കാപ്പന്റെയും അന്നമ്മ സൈമണിന്റെയും മകളായി ഭരണങ്ങാനത്ത് ജനനം. സെന്റ് മേരീസ് ഹൈസ്കൂൾ പാല, സെന്റ് ജോർജ് കോളേജ് അരുവിത്തുറ, ലാട്രോബ് യൂണിവേഴ്സിറ്റി ഓസ്ട്രേലിയ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

കാവൽക്കാരി (നോവൽ), കുരിശും കൊടയും വാളാവളഞ്ചനും (ചെറുകഥ) എന്നിവ പ്രധാനകൃതികൾ.

തെക്കേത്തല സെബാസ്റ്റ്യൻ ജോണിന്റെ ഭാര്യയാണ്. മോബ്കോമീഡിയ ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.

## ഒന്ന്

സങ്കടങ്ങളില്ലാത്ത അരണമരങ്ങളുടെ താരാട്ട് കേട്ട്, കോടമഞ്ഞിന്റെ പുതപ്പിനുള്ളിൽ ഉറങ്ങാൻ തുടങ്ങുകയാണ് ക്യാമ്പ് കൈലാസ്.

“അല്ലയോ അരണമരങ്ങളെ, നിങ്ങൾക്കെന്താണ് സങ്കടങ്ങളില്ലാത്തത്?”

“സങ്കടങ്ങൾ പിടിപ്പതുണ്ടായിരുന്നു, എന്നാലിപ്പോൾ അശോകം പൂത്തതോടെ ഞങ്ങളുടെ വ്യഥകൾ രാത്രിമുല്ലകൾ ഏറ്റെടുത്തിരിക്കുന്നു.”

“മുല്ലവള്ളികളേ നിങ്ങൾക്കിത് താങ്ങാനാകുമോ?”

“ഞങ്ങളുടെ ദുഃഖങ്ങൾ ഇതാ ഈ മൊട്ടുകൾ വിരിയുന്നതോടെ ഇല്ലാതാവാൻ പോകുന്നു.”

വിടരാൻ ഒരുങ്ങുന്ന മുല്ലമൊട്ടുകളുടെ സുഗന്ധം കാലേ തെന്നലറിഞ്ഞിരിക്കുന്നു. തെക്കൻ കാറ്റിന്റെ കരസ്പർശമേറ്റ് മുട്ടിയും ഉരസിയും നിന്ന അരണമരങ്ങൾ വീണ്ടും താരാട്ട് പാടി. വിളക്കുകൾ ഓരോന്നായി അണഞ്ഞു. അനാഥരായ ദുഃഖങ്ങൾ ഒത്തുചേർന്ന ക്യാമ്പ് കൈലാസിന്റെ കിളിവാതിലിലൂടെ അകത്തേക്ക്... വിലാപങ്ങളെ ഓമനിക്കുന്ന ചില്ല് സത്രത്തിന്റെ പടിവാതിൽക്കൽ തലചായ്ച്ചുറങ്ങാനായിരുന്നോ അവരുടെ പോക്ക്?

സുഹൃത്തേ നോക്കൂ, അതെ താങ്കളെത്തന്നെ! ഇപ്പോളിതാ ഈ അക്ഷരങ്ങളിലൂടെ കണ്ണോടിക്കുന്ന നിങ്ങളെ ഞാൻ എന്റെ സുഹൃത്തായി കരുതുന്നതിൽ തെറ്റില്ലല്ലോ അല്ലേ. പറയൂ, താങ്കൾ ഇതിന് മുൻപ് ചില്ല് സത്രത്തെക്കുറിച്ച് കേൾക്കാനിടയായിട്ടുണ്ടോ?

അരുത്, നെറ്റി ചുളിക്കരുത്. വളച്ച് കെട്ടൽ അങ്ങേയ്ക്ക് ഇഷ്ടമാവുകയില്ലെന്ന് നന്നായറിയാം. എന്നോട് ക്ഷമിക്കൂ. സത്രവാതുക്കൽ തല ചായ്ച്ചുറങ്ങിയ ഒരു കുഞ്ഞ് ദുഃഖത്തെ മനസ്സിൽ എടുത്ത് താലോലിച്ച് കൊണ്ട് ഞാനിതാ അങ്ങയുടെ മുൻപിൽ നിൽക്കുന്നു; ചില്ല് സത്രത്തിന്റെ കഥ പറയുവാൻ!

എവിടെനിന്നെല്ലാമോ എത്തിചേർന്നവർ ഒരു തമ്പിനുള്ളിൽ അന്യോന്യം അറിയാതെ കഴിയുന്നു. അവരിൽ സ്വദേശികളും വിദേശികളുമുണ്ട്. വിവിധ ഭാഷകൾ സംസ്കൃതികൾ ഒന്നോരണ്ടോ രാത്രികൾ മാത്രം സത്രത്തിൽ കഴിച്ചുകൂട്ടി തിരികെപ്പോകാൻ വന്നവർ പലരും അതിൽ